**കേരള സർക്കാർ**

സംഗ്രഹം

പൊതു വിദ്യാഭ്യാസം- സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ (സാധാ) 2579 /10/പൊ.വി. തീയതി, തിരുവനന്തപുരം, 15.06.2010

പരാമർശം 11.11.2009-ലെ ജി.ഒ (എം.എസ്)217/09/പൊ.വി നമ്പർ ഉത്തരവ്

## ഉത്തരവ്

സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശിത ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപ്പർ പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെ മുഴുവൻ വിദ്യാർത്ഥികൾക്കും കായിക അദ്ധ്യാപകരുടെ സേവനം ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതിനായി കായിക അദ്ധ്യാപകരുടെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്ക വിധം സ്കൂളുകളെ ക്ലബ്ബ് ചെയ്യുന്ന സാദ്ധ്യത ആരായുന്നതാണ് എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.

ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനെ പ്രസ്തുത ഉത്തരവു പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കായികാദ്ധ്യാപകരുടെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്കവിധം സ്കൂളുകളെ ക്ലബ്ബു ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്നവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനമായി

1) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

(ചെയർമാനും കൺവീനറും)

2) ശ്രീ.എസ്.ശ്രീവത്സൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
3) ഡയറക്ടർ , എസ്.സി.ഇ.ആർ.ടി
4) ഡയറക്ടർ, ഹയർ സെക്കന്ററി വകുപ്പ്
5) ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ്
6) പ്രിൻസിപ്പൽ, ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ
7) ശ്രീ.ജി.ബിപിൻ, സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം, കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

കമ്മിറ്റി പരിശോധിച്ചു തീരുമാനമെടുക്കേണ്ട വിഷയങ്ങൾ താഴെപ്പറയുന്നവയാണ്

(1) ഒരു കായികാദ്ധ്യാപകനു കൈകാര്യം ചെയ്യാവുന്ന കുട്ടികളുടെ ഉയർന്ന സംഖ്യ

(2) ഈ സംഖ്യ കണക്കാക്കുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കേണ്ട വിധം.

(3) കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ ഇതിനായി വരുത്തേണ്ട ഭേദഗതികൾ.

(4) ഒരു സ്കൂളിൽ നിശ്ചയിക്കപ്പെടുന്ന എണ്ണം വിദ്യാർത്ഥികളില്ലെങ്കിൽ ഒന്നിലധികം സ്കൂളുകളെ ക്ലബ്ബു ചെയ്യാനുള്ള സാദ്ധ്യത. അങ്ങനെയാണെങ്കിൽ ക്ലബ്ബു ചെയ്യാവുന്ന സ്കൂളുകളുടെ എണ്ണം, ക്ലസ്റ്ററിന്റെ അതിർ തീരുമാനം, എയ്ഡഡ് സ്കൂളുകളെ ക്ലസ്റ്ററിൽ ഉൾപ്പെടുത്താനുള്ള സാദ്ധ്യത, എയ്ഡഡ് അദ്ധ്യാ പകരെ ഒരു ക്ലസ്റ്ററിൽ നിയമിക്കേണ്ടി വന്നാൽ (ഒന്നിലധികം എയ്ഡഡ് സ്കൂളുകളുണ്ടെങ്കിൽ) നിയമിക്കേണ്ട സ്കൂൾ, ക്ലസ്റ്ററിൽ ഒരു സർക്കാർ സ്കൂളെങ്കിലുമുണ്ടെങ്കിൽ നിയമനം അവിടെ മാത്രം നടത്താനുള്ള സാദ്ധ്യത.

(5) ഒന്നിലധികം സ്കൂളുകളിൽ പോകേണ്ടി വരുന്ന അദ്ധ്യാപകർക്ക് യാത്രാച്ചെലവ് നൽകേണ്ടതുണ്ടോ? ഉണ്ടെങ്കിൽ മാനദണ്ഡം എന്തായിരിക്കണം?

ചിത്രകല, സംഗീതം, ക്രാഫ്റ്റ്, നീഡിൽ വർക്ക്, വർക്ക് എക്സ്പീരിയൻസ് എന്നിവ കൈകാര്യം ചെയ്യുന്ന മറ്റ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും പരമാവധി കുട്ടികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ രണ്ടോ അതിൽക്കൂടുതലോ

സ്കൂളുകളുമായി ക്ലബ്ബു ചെയ്തു നിയമിക്കേണ്ടതിനെ സംബന്ധിച്ചും വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് നൂറിൽ അധികം കുട്ടികളുള്ള സ്കൂളുകളിൽ പാർട്ട് ടൈം അദ്ധ്യാപകരെ നിയമിക്കുവാനുള്ള വ്യവസ്ഥ ഉപയോഗിച്ച് കായികാദ്ധ്യാപകരില്ലാത്ത സ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാമോ എന്നതു സംബന്ധിച്ചും അത്തരം സാഹചര്യങ്ങളിൽ ഒന്നിലധികം സ്കൂളുകളെ ക്ലബ്ബു ചെയ്ത് ഫുൾ ടൈം അദ്ധ്യാപകരെ നിയമിക്കാൻ കഴിയുമോയെന്നും കമ്മിറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
*ജെയിംസ് വർഗ്ഗീസ്*
*സെക്രട്ടറി*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ , എസ്.സി.ഇ.ആർ.റ്റി
ഡയറക്ടർ, ഹയർ സെക്കന്ററി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ, ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
ശ്രീ.ജി.ബിപിൻ, സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം, കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
ശ്രീ.എസ്.ശ്രീവത്സൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പൊതുവിദ്യാഭ്യാസ (കായിക യുവജനകാര്യ) വകുപ്പ്
സെക്രട്ടറി, കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം

പകർപ്പ്:-

1. വിദ്യാഭ്യാസ സാംസ്കാരിക വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*